**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5717** **24-03-2025 - ൽ മറുപടിയ്ക്ക്**

**മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സുശക്തമാക്കാൻ കർമ്മ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സുശക്തമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർമ്മ പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | 13.02.2025 ലെ WM3/35/2025/LSGD നമ്പർ സർക്കുലർ പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കർമ്മപദ്ധതി രൂപീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകൾ/ മിഷനുകളുടെ ഏകോപനത്തോടെ മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ നടത്തുന്നു. ആയത് പ്രകാരം ചുവടെ പറയുന്ന പ്രവർത്തനങ്ങൾ മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ചെയ്ത് വരുന്നു.<br><br>കൊതുക് ഈച്ച തുടങ്ങിയ രോഗവ്യാപന സ്വഭാവമുള്ള പ്രാണികളുടെ പ്രജനന സൗകര്യങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി ഓടകൾ, നീർച്ചാലുകൾ, പൊതുജലാശയങ്ങൾ തുടങ്ങി എല്ലാ ജല നിർഗ്ഗമന പാതകളും വൃത്തിയാക്കുക, കിണറുകൾ വൃത്തിയാക്കി ക്ലോറിനേഷൻ ചെയ്യുക എന്നിവയുള്ള നടപടികൾ.<br><br>വീടുകൾ, സ്ഥാപനങ്ങൾ, തൊഴിലിടങ്ങൾ എന്നിവിടങ്ങളിൽ ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരിക്കുക. മാർച്ച് മാസത്തിലെ ഞായറാഴ്ചകളിലും ഡ്രൈ ഡേ ആചരിക്കുക .<br><br>മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി വരുന്ന ഹരിത അയൽക്കൂട്ടങ്ങൾ, ഹരിത ടൂറിസം, ഹരിത സ്ഥാപനം, ഹരിത വിദ്യാലയം, ഹരിത കലാലയം, ഹരിത ടൗൺ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ പ്രസ്തുത കാലയളവിനുള്ളിൽ പരമാവധി പൂർത്തീകരിച്ച് രോഗവ്യാപന സാധ്യത തടയുന്നതിനുള്ള മാതൃകയാകുക. |

| | | | |
|---|---|---|---|
| | | | ശുചീകരണ പ്രവർത്തനങ്ങൾ വഴി ലഭ്യമാകുന്ന ഖര-ദ്രവ മാലിന്യങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള നടപടികൾ.<br><br>പൊതുയിടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ പരാതിപ്പെടാനുള്ള സിംഗിൾ വാട്ട്സ് ആപ് നമ്പർ (9446700800) പൊതുജനങ്ങൾക്കിടയിൽ പരമാവധി പ്രചരണം നടത്തി ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി പരിഹാരം കാണുക. |
| (ബി) | സീവേജ് സ്റ്റോറേജുകളുടെ ശുചീകരണത്തിന്റെയും ഓടകളും തോടുകളും വൃത്തിയാക്കുന്ന പ്രവൃത്തികളുടെയും പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് 13.02.2025 ലെ WM3/35/2025/LSGD നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ശുചീകരണ പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ആരോഗ്യ ജാഗ്രതാ ഉത്തരവുകൾ പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | ഉണ്ട്.<br><br>മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ ആരോഗ്യ ജാഗ്രതാ നിർദ്ദേശങ്ങൾ പുറപ്പെടു വിച്ചിട്ടുണ്ട്. ഓടകൾ, വെള്ളക്കെട്ടുകൾ, ജലാശയങ്ങൾ എന്നിവ ശുചീകരിച്ചു കൊതുകു പ്രജനനം തടയുക , "ഡ്രൈഡേ' ആചരിച്ച് വീട്ടിലും പരിസരത്തും വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ 13.02.2025 ലെ WM3/35/2025/LSGD നമ്പർ സർക്കുലർ വഴി നൽകിയിട്ടുണ്ട്. വാർഡ് തല ശുചിത്വ സമിതികൾ ടി പ്രവർത്തനം ഏകോപിപ്പിക്കുവാനും, ആരോഗ്യ വകുപ്പ് നിരീക്ഷണം നടത്തുവാനും ഉത്തരവിൽ നിർദ്ദേശമുണ്ട്. |
| (ഡി) | ഉത്സവങ്ങൾ, ആഘോഷങ്ങൾ, വിവിധ മീറ്റിംഗുകൾ, റാലികൾ, വിവാഹങ്ങൾ എന്നിവയിൽ ഹരിത പരിപാലന ചട്ടം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ഹരിതപരിപാലന ചട്ടം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 17.09.2020 ലെ സ.ഉ (സാധാ) നം. 1680/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്സവങ്ങൾ, ആഘോഷങ്ങൾ, മീറ്റിംഗുകൾ, റാലികൾ, വിവാഹങ്ങൾ തുടങ്ങിയവയിൽ ഹരിതപരിപാലന ചട്ടം പാലിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>07-10-2023 ലെ സ.ഉ (സാധാ) നം.1971/2023/LSGD പ്രകാരം സമ്മേളനങ്ങൾ പൊതുപരിപാടികൾ എന്നിവ നടക്കുന്ന ഹാളുകൾ, ഓഡിറ്റോറിയങ്ങൾ, പൊതു സ്ഥലങ്ങൾ, മൈതാനങ്ങൾ എന്നിവിടങ്ങളിലെല്ലാം ആവശ്യാനുസരണം ബിന്നുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നടത്തിപ്പുകാർക്ക് നല്കുന്നതിന് തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരിപാടികളുടെ സംഘാടകർ ബിന്നുകൾ വഴി ശേഖരിച്ച് മാലിന്യം നിയമാനുസൃതം നിക്കം ചെയ്യണമെന്ന് നിർദ്ദേശിക്കുന്നതിനൊപ്പം ലംഘനങ്ങൾക്കെതിരായ പിഴയടക്കം ചൂണ്ടികാട്ടിയും മുൻകൂർ നോട്ടീസ് നൽകേണ്ടതാണ് എന്നും വിവാഹങ്ങൾ തുടങ്ങിയ സ്വകാര്യ ചടങ്ങുകളിൽ പാലിക്കേണ്ട ശുചിത്വ പ്രോട്ടോക്കോൾ സംബന്ധിച്ച കാര്യങ്ങളിൽ രേഖാമൂലം ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകാൻ ഓഡിറ്റോറിയം, കല്യാണമണ്ഡപം ഉടമകൾക്ക് ബാധ്യത ഉണ്ടായിരിക്കും. എല്ലാ ഓഡിറ്റോറിയങ്ങളിലും മാലിന്യസംസ്കരണം സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രാധാന്യത്തോടെ പ്രദർശിപ്പിക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം നടപടി സ്വീകരിക്കാൻ തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ